ഉത്തരം

(എ) — (സി) വിവരം ശേഖരിച്ചുവരുന്നു.

റോഡ് വീതികൂട്ടുവാൻ ഭൂമി ഏറ്റെടുക്കുന്നതിന്റെ സർവ്വേ

272 [3250] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തിരുവങ്ങാട് ചമ്പാട് റോഡിൽ മാക്കുനിമീത്തലെ ചമ്പാട് റോഡ് വീതികൂട്ടുന്നതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിന്റെ സർവ്വേ ഉടൻ നടത്താൻവേണ്ടി സ്ഥലം എം. എൽ. എ. നൽകിയ നിവേദനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) എന്നത്തേക്ക് സർവ്വേ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇത്തരത്തിലൊരു നിവേദനം സ്ഥലം എം. എൽ. എ. യിൽനിന്നും കണ്ണൂർ ജില്ലാകളക്ടർക്ക് ലഭിച്ചിട്ടില്ല.

(ബി) പൊതുമരാമത്ത് വകുപ്പിൽനിന്നും സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതിന് ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ മേൽനടപടികൾ കൈക്കൊള്ളുന്നതാണ്.

കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ

273 [3251] *ശ്രീ. ടി. പി. രാമകൃഷ്ണൻ:*
„ *എ. സി. മൊയ്തീൻ:*
„ *പി. ജയരാജൻ:*
„ *വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് ഇതുവരെ സംസ്ഥാനത്തുണ്ടായ നഷ്ടങ്ങളുടെ കണക്ക് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ മേഖലയിലും ഉണ്ടായ നഷ്ടങ്ങളുടെ വിശദവിവരം വെളിപ്പെടുത്താമോ;

(ബി) കാലവർഷക്കെടുതിക്കിരയായവർക്കും വീട് നഷ്ടപ്പെട്ടവർക്കും മരണമടഞ്ഞവരുടെ ആശ്രിതർക്കും എന്തു സഹായമാണ് നൽകുന്നതെന്ന് വിശദമാക്കുമോ;

GPM. 2/609/2012—37

LIBRARY ARCHIVES Kerala Legislative Assembly

(സി) കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് വീട് നഷ്ടപ്പെട്ടവർ എത്രയാണ്; ഇവരുടെ പുനരധിവാസം, ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിശദാംശം വ്യക്തമാക്കാമോ;

(ഡി) കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ ദുരന്തങ്ങൾ സംഭവിച്ച ജില്ലകൾ ഏതൊക്കെയാണെന്ന് പറയാമോ;

(ഇ) പ്രസ്തുത ജില്ലകൾക്കുവേണ്ടി പ്രത്യേക പദ്ധതി ഏതെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) — (ഇ) വിവരം ശേഖരിച്ചുവരുന്നു.

കാലവർഷക്കെടുതിമൂലമുണ്ടായ നഷ്ടം

274 [T.3252]*ശ്രീ. ടി. പി. രാമകൃഷ്ണൻ :*
„ *വി. കെ. സി. മമ്മത്കോയ:*
„ *കെ. കെ. ജയചന്ദ്രൻ:*
„ *പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് ഇതുവരെ സംസ്ഥാനത്തുണ്ടായ നഷ്ടങ്ങളുടെ കണക്ക് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ മേഖലയിലുണ്ടായ നഷ്ടങ്ങളുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) കാലവർഷക്കെടുതിക്കിരയായവർക്കും വീട് നഷ്ടപ്പെട്ടവർക്കും മരണമടഞ്ഞവർക്കും എന്തു സഹായമാണ് സർക്കാർ നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് വീട് നഷ്ടപ്പെട്ടവർ എത്ര; ഇവരുടെ പുനരധിവാസം, ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ;

(ഇ) കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ ദുരന്തങ്ങൾ സംഭവിച്ചിട്ടുള്ളത് ഏതൊക്കെ ജില്ലകളിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) — (ഇ) വിവരം ശേഖരിച്ചുവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

' T ' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

[10-8-2005-ലെ 3313, 3348, 3359-എന്നീ നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങളും, 5-8-2005-ലെ 3109, 3114, 3116, 3117, 3120, 3124, 3126, 3137, 3151, 3153, 3169, 3179, 3205, 3207, 3231, 3241, 3245 എന്നീ നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങളും എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.]

LIBRARY ARCHIVES Kerala Legislative Assembly